**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 585** **28-01-2026-ൽ മറുപടിയ്ക്ക്**

# ലോട്ടറി ടിക്കറ്റ് ഏജന്റുമാരുടെ ക്ഷേമത്തിനുള്ള നടപടികൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ ലോട്ടറി ടിക്കറ്റ് കച്ചവടം നടത്തി ഉപജീവനം നടത്തുന്ന ഏജന്റുമാരുടെ ക്ഷേമത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ്' വഴി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2021-ലെ വിഷു ബമ്പർ (BR-79) ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച 9,47,55,003.17/- രൂപ വിനിയോഗിച്ച് ഭവന രഹിതരായ 160 ക്ഷേമനിധി അംഗങ്ങൾക്ക് വീട് വച്ച് നല്കുന്ന ഭവന നിർമ്മാണ പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യ മുച്ചക്ര വാഹനങ്ങൾ നല്കുന്ന പദ്ധതി, സ്വന്തമായി കടയോ സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല നല്കുന്ന പദ്ധതി എന്നിവ ക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കി വരുന്നുണ്ട്. ഇവ കൂടാതെ ക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികൾ ചുവടെ ചേർക്കുന്നു.:-

**1. ഓണം ഉത്സവബത്ത**

ഓരോ വർഷവും ഓണം ഉത്സവ മാസം വരെ ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലത്തെയെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹതയുള്ള എല്ലാ പെൻഷൻകാർക്കും എല്ലാ വർഷവും ഉത്സവ ബത്ത നല്കുന്നുണ്ട്.

**2. വിവാഹാനുകൂല്യം**

കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിത അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകി വരുന്നുണ്ട്.

**3. പ്രസവാനുകൂല്യം**

ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകി വരുന്നുണ്ട്.

**4. ചികിത്സാ സഹായം**

- ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകി വരുന്നുണ്ട് .
- വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധ കൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്.

**5. പെൻഷൻ**

55 വയസ്സ് പൂർത്തിയായതും 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് പ്രതിമാസം 1600/- രൂപ പെൻഷൻ നല്കി വരുന്നുണ്ട്.

**6. കുടുംബ പെൻഷൻ**

പെൻഷൻ ലഭിക്കുന്ന അംഗമോ ലഭിക്കാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ ടിയാന്റെ അർഹതപ്പെട്ടയാൾക്ക് പ്രതിമാസം 800/- രൂപ കുടുംബപെൻഷനായി നൽകി വരുന്നുണ്ട്.

**7. അവശതാ പെൻഷൻ**

രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച, ഒരു വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങിനെ ഒരു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**8. മരണാനന്തര സാമ്പത്തിക സഹായം**

അപകടം മൂലം ക്ഷേമനിധി അംഗത്തിന് മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് നൽകി വരുന്നുണ്ട്.

**9. സ്കോളർഷിപ്പ് (വിദ്യാഭ്യാസാനുകൂല്യം)**

ഓരോ വർഷവും എസ്.എസ്.എൽ.സി/ പത്താംതര പരിക്ഷ 80% മാർക്കോടെ വിജയിച്ച് ഹയർ സെക്കന്ററിതല പഠനത്തിനോ മറ്റു റഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിനോ ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പ്രൊഫഷണൽ കോഴ്സുകൾ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ഉപരിപഠനത്തിന് ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പഠനകാലയളവിലെ ഓരോ വർഷത്തിലും ധനസഹായം നൽകി വരുന്നുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു:-

| **കോഴ്സ്** | **സ്കോളർഷിപ്പ് തുക** |
|---|---|
| ഹയർസെക്കന്ററി | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ |
| പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ളോമ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ |
| മെഡിക്കൽ ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 7000 രൂപ |
| എഞ്ചിനീയറിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനു 4000 രൂപ |
| പാരാ മെഡിക്കൽ /നഴ്സിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 4000 രൂപ |
| എം.ബി.എ/എം.സി.എ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനു 3000 രൂപ |
| മറ്റ്ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനു 2000 രൂപ |

**(ബി)** ലോട്ടറി ടിക്കറ്റ് കച്ചവടക്കാർക്ക് ലോട്ടറി വകുപ്പ് നൽകി വരുന്ന മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്നതിലുള്ള മാർഗനിർദേശങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** മുച്ചക്ര വാഹനങ്ങൾ ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ താഴെ പറയുന്നവയാണ്:

1. അപേക്ഷകർ കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും സജീവ അംഗമായി തുടരുന്നവരായിരിക്കണം. കൂടാതെ, 01.01.2022-ന് മുൻപ് അംഗത്വമെടുത്തവരും അപേക്ഷാ സമയത്ത് സജീവ അംഗത്വമുള്ളവരും ആയിരിക്കണം.
2. അപേക്ഷകർ 40 ശതമാനമോ അതിലധികമോ വൈകല്യം ഉള്ളവരായിരിക്കണം.
3. 18 വയസ്സിനും 60 വയസ്സിനും മധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ.
4. വികലാംഗ തിരിച്ചറിയൽ കാർഡും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. ഭിന്നശേഷിയുള്ള അവസ്ഥയിൽ ലഭിച്ചിട്ടുള്ള ഡ്രൈവിംഗ് ലൈസൻസോ ലേണേഴ്സ് ലൈസൻസോ (മോട്ടോറൈസ്ഡ് സ്കൂട്ടർ) ഉണ്ടായിരിക്കണം.
6. കഴിഞ്ഞ 7 വർഷത്തിനുള്ളിൽ സർക്കാർ ഏജൻസികളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായി മുച്ചക്ര വാഹനം ലഭിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

**(സി)** ഇത്തരത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ മുച്ചക്ര വാഹനം എത്ര പേർക്ക് നൽകിയിട്ടുണ്ട് എന്നും ഈ ഇനത്തിൽ എത്ര അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതിനാൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആർക്കും മുച്ചക്ര വാഹനം നല്കിയിട്ടില്ല. ഈ ഇനത്തിൽ ആകെ 205 അപേക്ഷകൾ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**